09.05.21 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 27-12-1987

# നിശ്ചയബുദ്ധി വിജയി രത്നങ്ങളുടെ ലക്ഷണങ്ങൾ

ഇന്ന് ബാപ്ദാദ തന്റെ നാല് ഭാഗത്തുമുള്ള നിശ്ചയബുദ്ധി വിജയി കുട്ടികളെ കണ്ടു കൊണ്ടിരിക്കുകയായിരുന്നു. ഓരോ കുട്ടിയുടെയും നിശ്ചയത്തിന്റെ ലക്ഷണങ്ങൾ കണ്ടു കൊണ്ടിരിക്കുകയായിരുന്നു. നിശ്ചയത്തിന്റെ വിശേഷ ലക്ഷണങ്ങളാണ്- 1) നിശ്ചയത്തിനനുസരിച്ച് കർമ്മത്തിൽ, വാക്കുകളിൽ സദാ മുഖത്തിൽ ആത്മീയ ലഹരി കാണപ്പെടും. 2) ഓരോ കർമ്മം, സങ്കല്പത്തിൽ വിജയം സഹജമായി പ്രത്യക്ഷ രൂപത്തിൽ അനുഭവപ്പെടും. പരിശ്രമത്തിന്റെ രൂപത്തിലല്ല, എന്നാൽ പ്രത്യക്ഷഫലം അഥവാ അധികാരത്തിന്റെ രൂപത്തിൽ വിജയം അനുഭവപ്പെടും. 3) തന്റെ ശ്രേഷ്ഠമായ ഭാഗ്യം, ശ്രേഷ്ഠമായ ജീവിതം അഥവാ ബാബയുടെയും പരിവാരത്തിന്റെയും സംബന്ധ സമ്പർക്കത്തിലൂടെ ഒരു ശതമാനം പോലും സംശയം സങ്കല്പത്തിൽ പോലും ഉണ്ടായിരിക്കില്ല. 4) ചോദ്യ ചിഹ്നം സമാപ്തം, ഓരോ കാര്യത്തിലും ബിന്ദുവായി ബിന്ദുവിടുന്നവരായിരിക്കും. 5) നിശ്ചയബുദ്ധി സദാ സ്വയത്തെ നിശ്ചിന്ത ചക്രവർത്തി എന്ന് സഹജവും സ്വതവേയും അനുഭവിക്കും അർത്ഥം അടിക്കടി സ്മൃതിയിൽ കൊണ്ടു വരുന്നതിനുള്ള പരിശ്രമം ചെയ്യേണ്ടി വരില്ല. ഞാൻ ചക്രവർത്തിയാണ്, ഇത് പറയേണ്ട പരിശ്രമം വേണ്ടി വരില്ല എന്നാൽ സദാ സ്ഥിതിയുടെ ശ്രേഷ്ഠ സിംഹാസനത്തിൽ സ്ഥിതി ചെയ്യും. ലൗകീക ജീവിതത്തിൽ പരിതസ്ഥിതിക്കനുസരിച്ചാണ് സ്ഥിതിയുണ്ടാകുന്നത്. സുഖത്തിന്റെയാകട്ടെ ദുഃഖത്തിന്റയാകട്ടെ, ആ സ്ഥിതിയുടെ അനുഭവത്തിൽ സ്വതവേയിരിക്കുന്നു, അടിക്കടി പരിശ്രമിക്കുന്നില്ല- ഞാൻ സുഖിയാണ് അഥവാ ഞാൻ ദുഃഖിയാണ് എന്ന്. നിശ്ചിന്ത ചക്രവർത്തി സ്ഥിതിയുടെ അനുഭവവും ഇതുപോലെ സ്വതവേ സഹജമായി ഉണ്ടാകുന്നു. അജ്ഞാനി ജീവിതത്തിൽ പരിതസ്ഥിതിക്കനുസരിച്ച് സ്ഥിതിയുണ്ടാകുന്നു എന്നാൽ ശക്തിശാലി അലൗകീക ബ്രാഹ്മണ ജീവിതത്തിൽ പരിതസ്ഥിതിക്കനുസരിച്ച് സ്ഥിതിയുണ്ടാകുന്നില്ല എന്നാൽ നിശ്ചിന്ത ചക്രവർത്തി സ്ഥിതി അഥവാ ശ്രേഷ്ഠ സ്ഥിതി ബാപ്ദാദായിലൂടെ പ്രാപ്തമായ ജ്ഞാനത്തിന്റെ ലൈറ്റ് മൈറ്റിലൂടെ, ഓർമ്മയുടെ ശക്തിയിലൂടെ, ജ്ഞാനത്തിന്റെയും യോഗത്തിന്റെയും ശക്തികളുടെ സമ്പത്ത് ബാബയിലൂടെ ലഭിക്കുന്നു. അതിനാൽ ബ്രാഹ്മണ ജീവിതത്തിൽ ബാബയുടെ സമ്പത്തിലൂടെ അഥവാ സത്ഗുരുവിന്റെ വരദാനങ്ങളിലൂടെ അഥവാ ഭാഗ്യവിദാതാവിലൂടെ പ്രാപ്തമായ ശ്രേഷ്ഠ ഭാഗ്യത്തിലൂടെ സ്ഥിതി പ്രാപ്തമാകുന്നു. പരിതസ്ഥിതിക്കനുസരിച്ചാണ് സ്ഥിതിയെങ്കിൽ ആരാണ് ശക്തിശാലി? പരിതസ്ഥിതി ശക്തിശാലിയായില്ലേ. പരിതസ്ഥിതിയുടെ ആധാരത്തിൽ സ്ഥിതിയെ ഉണ്ടാക്കുന്നവർക്ക് ഒരിക്കലും അചഞ്ചലരും സുദൃഢരുമാകാൻ സാധിക്കില്ല. അജ്ഞാനി ജീവിതത്തിൽ ഇപ്പോളിപ്പോൾ നോക്കൂ വളരെ സന്തോഷത്തിൽ നൃത്തം ചെയ്യുന്നു, ഇപ്പോളിപ്പോൾ തലകീഴായി ഉറങ്ങി കിടക്കുന്നു. അതിനാൽ അലൗകീക ജീവിതത്തിൽ അങ്ങനെയുള്ള ചഞ്ചലതയുടെ സ്ഥിതിയുണ്ടാകില്ല. പരിതസ്ഥിതിയുടെ ആധാരത്തിലല്ല എന്നാൽ തന്റെ സമ്പത്തിന്റെയും വരദാനത്തിന്റെയും ആധാരത്തിൽ അഥവാ തന്റെ ശ്രേഷ്ഠ സ്ഥിതിയുടെ ആധാരത്തിൽ പരിതസ്ഥിതിയെ പരിവർത്തനപ്പെടുത്തുന്നവരായിരിക്കും. നിശ്ചയബുദ്ധി കുട്ടികൾ ഈ കാരണത്താൽ സദാ നിശ്ചിന്ത ചക്രവർത്തിയായിരിക്കും കാരണം എന്തെങ്കിലും അപ്രാപ്തി അഥവാ കുറവ് കാരണമാണ് ചിന്തയുണ്ടാകുന്നത്. സർവ്വ പ്രാപ്തി സ്വരൂപരാണെങ്കിൽ, മാസ്റ്റർ സർവ്വശക്തിവാനാണെങ്കിൽ പിന്നെ ചിന്ത എന്ത് കാര്യത്തിനാണ്?

6) നിശ്ചയബുദ്ധി അർത്ഥം സദാ ബാബയിൽ അർപ്പണമാകുന്നവർ. അർപ്പണം അർത്ഥം സർവ്വംശ സമർപ്പണം. സർവ്വ വംശ സഹിതം സമർപ്പിതം. ദേഹബോധത്തിൽ കൊണ്ടു വരുന്ന വികാരങ്ങളുടെ വംശമാകട്ടെ, ദേഹത്തിന്റെ സംബന്ധത്തിന്റെ വംശം, ദേഹത്തിന്റെ വിനാശി പദാർത്ഥങ്ങളുടെ ഇച്ഛകളുടെ വംശം. സർവ്വ വംശത്തിൽ ഇതെല്ലാം വരുന്നു. സർവ്വ വംശ സമർപ്പിതം അഥവാ സർവ്വംശ ത്യാഗി ഒന്ന് തന്നെയാണ്. സമർപ്പിതമാകുക എന്നു പറഞ്ഞാൽ മധുബനിലിരിക്കുക അല്ലെങ്കിൽ സെന്ററിൽ വസിക്കുക എന്നല്ല. ഇതും ഒരു പടിയാണ്- സേവനാർത്ഥം സ്വയത്തെ അർപ്പണം ചെയ്യുന്നു പക്ഷെ സർവ്വംശ അർപ്പണം- ഇത് പടികളുടെ ലക്ഷ്യമാണ്. ഒരു പടി കയറി എന്നാൽ ലക്ഷ്യത്തിലെത്തുന്ന നിശ്ചയബുദ്ധിയുടെ ലക്ഷണം- മൂന്നും വംശ സഹിതം അർപ്പണം. മൂന്ന് കാര്യങ്ങളും സ്പഷ്ടമായി മനസ്സിലാക്കിയില്ലേ. സ്വപ്നത്തിലും സങ്കല്പത്തിലും അംശം പോലും ഇല്ലാതാകുമ്പോഴാണ് വംശം സമാപ്തമാകുന്നത്. അംശമുണ്ടെങ്കിൽ വംശം ജനിക്കും അതിനാൽ സർവ്വംശ ത്യാഗിയുടെ പരിഭാഷ വളരെ ഗുഹ്യമാണ്. ഇതും പിന്നീടൊരിക്കൽ കേൾപ്പിക്കാം.

7) നിശ്ചയബുദ്ധി സദാ നിശ്ചിന്തമായിരിക്കും. ഒരോ കാര്യത്തിലും വിജയം പ്രാപ്തമാകുന്നതിന്റെ ലഹരിയിൽ നിശ്ചിതമാണെന്ന് അനുഭവിക്കും. അതിനാൽ നിശ്ചയം, നിശ്ചിന്തം, നിശ്ചിതം- ഇത് സദാ അനുഭവം ചെയ്യിക്കും.

8) അവർ സദാ സ്വയവും ലഹരിയിലിരിക്കും, അവരുടെ ലഹരി കണ്ട് മറ്റുള്ളവർക്കും ഈ ആത്മീയ ലഹരിയുടെ അനുഭവമുണ്ടാകും. മറ്റുള്ളവരെയും ആത്മീയ ലഹരിയിൽ ബാബയുടെ സഹയോഗത്തിലൂടെ സ്വയത്തിന്റെ സ്ഥിതിയിലൂടെ അനുഭവം ചെയ്യിക്കും.

നിശ്ചയബുദ്ധിയുടെ അഥവാ ആത്മീയ ലഹരിയിലിരിക്കുന്നവരുടെ ജീവിതത്തിന്റെ വിശേഷതകൾ എന്തായിരിക്കും? ആദ്യത്തെ കാര്യം– എത്രത്തോളം ശ്രേഷ്ഠമായ ലഹരി അത്രത്തോളം നിമിത്ത ഭാവം ജീവിതത്തിന്റെ ഓരോ ചരിത്രത്തിലുമുണ്ടാകും. നിമിത്ത ഭാവത്തിന്റെ വിശേഷത കാരണം നിർമ്മാണ ബുദ്ധിയായിരിക്കും. ബുദ്ധിയിൽ ശ്രദ്ധിക്കുക– എത്രത്തോളം ബുദ്ധിയിൽ വിനയമുണ്ടോ അത്രത്തോളം നിർമ്മാണം ചെയ്തു കൊണ്ടിരിക്കും, നവ നിർമ്മാണം എന്ന് പറയാറില്ലേ. അപ്പോൾ നവ നിർമ്മാണം ചെയ്യുന്ന ബുദ്ധിയായിരിക്കും. അതിനാൽ വിനയമുള്ളവരുമായിരിക്കും, നവനിർമ്മാണവും ചെയ്യും. ഈ വിശേഷതകൾ ഉള്ളവരെയാണ് നിശ്ചയബുദ്ധി വിജയിയെന്ന് പറയുന്നത്. നിമിത്തം, വിനയം, നിർമ്മാണം. നിശ്ചയബുദ്ധിയുടെ ഭാഷയെന്തായിരിക്കും? നിശ്ചയബുദ്ധിയുടെ ഭാഷയിൽ സദാ മധുരതയുള്ളത് സാധാരണ കാര്യമാണ് എന്നാൽ ഉദാരതയുണ്ടായിരിക്കും. ഉദാരതയുടെ അർത്ഥം സർവ്വ ആത്മാക്കളെ പ്രതി മുന്നോട്ടുയർത്തുന്നതിനുള്ള ഉദാരതയുണ്ടായിരിക്കും. ആദ്യം താങ്കൾ, ഞാൻ ഞാൻ എന്നല്ല. ഉദാരത അർത്ഥം മറ്റുള്ളവരെ മുന്നിൽ വയ്ക്കുക. ബ്രഹ്മാബാബ സദാ ജഗദംബ അഥവാ കുട്ടികളെ മുന്നിൽ വച്ചു– എന്നേക്കാൾ മുന്നിൽ ജഗദംബയാണ്, എന്നേക്കാൾ മുന്നിൽ ഈ കുട്ടികളാണ്. ഇത് ഉദാരതയുടെ ഭാഷയാണ്. ഉദാരതയുള്ളയിടത്ത് സ്വയത്തെ പ്രതി മുന്നിൽ വരണം എന്ന ഇച്ഛയില്ല, അവിടെ ഡ്രാമയനുസരിച്ച് സ്വതവേ മനസ്സ് ഇച്ഛിക്കുന്ന ഫലം പ്രാപ്തമാകുന്നു. സ്വയം എത്രത്തോളം ഇച്ഛാ മാത്രം അവിദ്യ സ്ഥിതിയിലിരിക്കുന്നുവൊ, അത്രയും ബാബയും പരിവാരവും, നല്ലവരാണ് യോഗ്യരാണ് എന്ന് മനസ്സിലാക്കി അവരെ തന്നെ മുന്നിൽ വയ്ക്കുന്നു. അതിനാൽ ആദ്യം താങ്കൾ എന്ന് മനസ്സ് കൊണ്ട് പറയുന്നവർ പിന്നിലാകുന്നില്ല. അവർ മനസ്സ് കൊണ്ട് ആദ്യം താങ്കൾ എന്ന് പറയുമ്പോൾ സർവ്വരിലൂടെ ആദ്യം താങ്കളായി മാറുന്നു. പക്ഷെ ഇച്ഛയുള്ളവരല്ല. അതിനാൽ നിശ്ചയബുദ്ധിയുടെ ഭാഷ സദാ ഉദാരതയുടെ ഭാഷയായിരിക്കും, സന്തുഷ്ടതയുടെ ഭാഷ, സർവ്വരുടെയും മംഗളത്തിന്റെ ഭാഷ. ഇങ്ങനെയുള്ള ഭാഷയുള്ളവരെയാണ് പറയുന്നത് നിശ്ചയബുദ്ധി വിജയിയെന്ന്. സർവ്വരും നിശ്ചയബുദ്ധിയല്ലേ? കാരണം നിശ്ചയം തന്നെയാണ് അടിത്തറ.

എന്നാൽ പരിതസ്ഥിതികളുടെ, മായയുടെ, സംസ്ക്കാരങ്ങളുടെ, വ്യത്യസ്ഥമായ സ്വഭാവങ്ങളുടെ കൊടുങ്കാറ്റ് വരുമ്പോൾ നിശ്ചയത്തിന്റെ അടിത്തറ എത്ര ശക്തിശാലിയെന്ന് അറിയാൻ സാധിക്കുന്നു. ഈ പഴയ ലോകത്തിൽ വ്യത്യസ്ഥ പ്രകാരത്തിലുള്ള കൊടുങ്കാറ്റ് വരുന്നില്ലേ. ഇടയ്ക്ക് വായുവിന്റെ, ഇടയ്ക്ക് സമുദ്രത്തിന്റെ.....അതേപോലെ ഇവിടെയും വ്യത്യസ്ഥമായ കൊടുങ്കാറ്റ് വരുന്നു. കൊടുങ്കാറ്റ് എന്ത് ചെയ്യുന്നു? ആദ്യം പറപ്പിക്കുന്നു പിന്നീട് വലിച്ചെറിയുന്നു. ഈ കൊടുങ്കാറ്റും ആദ്യം തന്റെ നേർക്ക് ആനന്ദത്തോടെ പറപ്പിക്കുന്നു. അല്പക്കാലത്തെ ലഹരിയിൽ ഉയരത്തിലേക്ക് കൊണ്ടു പോകുന്നു കാരണം മായയും മനസ്സിലാക്കി യാതൊരു പ്രാപ്തിയുമില്ലാതെ ഇവർ എന്റെ നേർക്ക് വരുന്നവരാണ് എന്ന്. അതിനാൽ ആദ്യം കൃത്രിമമായ പ്രാപ്തിയിൽ മുകളിലേക്ക് പറപ്പിക്കുന്നു. പിന്നെ താഴെ വീഴുന്ന കലയിലേക്ക് കൊണ്ടു വരുന്നു. സമർത്ഥയാണ്. അതിനാൽ നിശ്ചയബുദ്ധിയുടെ ദൃഷ്ടി ത്രിനേത്രിയായിരിക്കും, മൂന്നാമത്തെ നേത്രത്തിലൂടെ മൂന്ന് കാലങ്ങളെയും കാണുന്നു, അതിനാൽ ഒരിക്കലും ചതിവിൽപ്പെടാൻ സാധിക്കില്ല. അപ്പോൾ കൊടുങ്കാറ്റ് വരുമ്പോഴാണ് നിശ്ചയം എത്രയുണ്ടെന്ന് മനസ്സിലാകുന്നത്. കൊടുങ്കാറ്റ് വലിയ വലിയ പഴയ വൃക്ഷങ്ങളുടെ വേരിനെ പോലും പിഴുതെടുക്കുന്നു, ഈ മായയുടെ കൊടുങ്കാറ്റും നിശ്ചയത്തിന്റെ അടിത്തറയെ പിഴുതെടുക്കുന്നതിന് പരിശ്രമിക്കുന്നു. എന്നാൽ റിസൾട്ടിൽ വീഴുന്നവർ കുറവാണ്, കുലുങ്ങുന്നവരാണ് കൂടുതൽ. കുലുങ്ങിയാലും അടിത്തറ പാകമല്ലാത്തതായി മാറുന്നു. അതിനാൽ അങ്ങനെയുള്ള സമയത്ത് തന്റെ നിശ്ചയത്തിന്റെ അടിത്തറയെ ചെക്ക് ചെയ്യൂ– പരിധിയുള്ള പ്രശസ്തി– പദവി ലഭിക്കുന്നില്ല അഥവാ വ്യർത്ഥ സങ്കല്പങ്ങളുടെ രൂപത്തിൽ മായയുടെ കൊടുങ്കാറ്റ് വരുന്നു, ആഗ്രഹം അർത്ഥം ഇച്ഛ പൂർത്തിയാകുന്നില്ല, ഇങ്ങനെയുള്ള സമയത്ത് ഞാൻ സമർത്ഥമായ ബാബയുടെ സമർത്ഥ ആത്മാവാണ്– എന്നത് ഓർമ്മയുണ്ടോ അതോ വ്യർതത്ഥം സമർത്ഥത്തിന്റെ മേൽ വിജയം നേടുന്നുണ്ടോ? വ്യർത്ഥം വിജയം നേടുന്നുവെങ്കിൽ നിശ്ചയത്തിന്റെ അടിത്തറ കുലുങ്ങില്ലേ. സമർത്ഥത്തിന് പകരം സ്വയത്തെ ശക്തിഹീനമായ ആത്മാവാണെന്ന അനുഭവം ചെയ്യും. നിരാശരായി മാറും അതിനാൽ പറയുന്നു– കൊടുങ്കാറ്റിന്റെ സമയത്ത് ചെക്ക് ചെയ്യൂ. പരിധിയുള്ള പദവിയും പ്രശസ്തിയും, ഞാൻ എന്ന ആത്മീയ സ്വമാനത്തിൽ നിന്നും താഴേക്ക് കൊണ്ടു വരുന്നുണ്ടോ. പരിധിയുള്ള ഒരു ഇച്ഛയും, ഇച്ഛാ മാത്രം അവിദ്യയുടെ നിശ്ചയത്തിൽ നിന്നും താഴേക്ക് കൊണ്ടു വരുന്നുണ്ടോ. അപ്പോൾ നിശ്ചയത്തിന്റെ അർത്ഥം ഞാൻ ശരീരമല്ല, ഞാൻ ആത്മാവാണ് എന്നു മാത്രമല്ല. എന്നാൽ എങ്ങനെയുള്ള ആത്മാവ്. ആ

ലഹരി, ആ സ്വമാനം സമയത്ത് അനുഭവപ്പെടണം,അവരെയാണ് നിശ്ചയബുദ്ധിയെന്ന് പറയുന്നത്. പേപ്പറു മില്ല എന്നിട്ട് ഞാൻ ബഹുമതിയോടെ പാസായി എന്ന് പറഞ്ഞാൽ ആരെങ്കിലും അംഗീകരിക്കുമോ? സർട്ടിഫിക്കറ്റ് വേണ്ടേ. ആര് എത്ര തന്നെ പാസായാലും, ഡിഗ്രി നേടിയാലും സർട്ടിഫിക്കറ്റ് ലഭിക്കാത്തി ടത്തോളം സമയം അതിന് മൂല്യം ഉണ്ടായിരിക്കില്ല. പരീക്ഷയുടെ സമയത്ത് പരീക്ഷ നേരിട്ട് പാസായി സർട്ടിഫിക്കറ്റ് നേടണം- ബാബയിൽ നിന്നും, പരിവാരത്തിൽ നിന്നും, എങ്കിലേ അവരെ നിശ്ചയബുദ്ധി യെന്ന് പറയുകയുള്ളൂ. മനസ്സിലായോ? അതിനാൽ അടിത്തറയെയും ചെക്ക് ചെയ്തു കൊണ്ടിരിക്കൂ. നിശ്ചയബുദ്ധിയുടെ വിശേഷതകൾ കേട്ടില്ലേ. സമയത്തിനനുസരിച്ച് ആത്മീയ ലഹരി ജീവിതത്തിൽ കാണ പ്പെടണം. കേവലം തന്റെ മനസ്സ് മാത്രമല്ല സന്തോഷിക്കേണ്ടത്, മറ്റുള്ളവരും സന്തോഷിക്കണം. സർവ്വരും അനുഭവിക്കണം- ഇവർ ലഹരിയിലിരിക്കുന്ന ആത്മാവാണ് എന്ന്. കേവലം എന്റെ മനസ്സിന് മാത്രം ഇഷ്ട പ്പെടുന്നവരാകരുത്, ബാബയ്ക്കും മറ്റുള്ളവർക്കും ഇഷ്ടപ്പെടുന്നവരാകണം. ഇവരെയാണ് വിജയിയെന്ന് പറയുന്നത്. ശരി.

സർവ്വ നിശ്ചയബുദ്ധി വിജയി രത്നങ്ങൾക്ക്, സർവ്വ നിശ്ചിന്തരായ കുട്ടികൾക്ക്, സർവ്വ നിശ്ചിത വിജയ ത്തിന്റെ ലഹരിയിലിരിക്കുന്ന ആത്മാക്കൾക്ക്, സർവ്വ കൊടുങ്കാറ്റിനെയും മറി കടന്ന് കളിപ്പാട്ടമായി അനു ഭവം ചെയ്യുന്ന വിശേഷ ആത്മാക്കൾക്ക്, സദാ അചഞ്ചലരും, സുദൃഢരും, ഏകരസ സ്ഥിതിയിൽ സ്ഥിതി ചെയ്യുന്ന നിശ്ചയബുദ്ധി കുട്ടികൾക്ക് ബാപ്ദാദായുടെ സ്നേഹ സ്മരണയും നമസ്തേ.

**വിദേശി സഹോദരി സഹോദരൻമാരോടുള്ള ബാപ്ദാദായുടെ മിലനം-** സ്വയത്തെ സമീപ രത്നമാണെന്ന് അനുഭവം ചെയ്യുന്നുണ്ടോ? സമീപ രത്നങ്ങളുടെ ലക്ഷണമെന്താണ്? അവർ സദാ സഹജമായി, സ്വതവേ ജ്ഞാനി ആത്മാവ്, യോഗി ആത്മാവ്, ഗുണമൂർത്തായ സേവാധാരിയാണെന്ന അനുഭവം ചെയ്യും. സമീപ രത്നത്തിന്റെ ഓരോ വിശേഷതകളും സഹജമായി അനുഭവപ്പെടും, ഒന്നിന്റെയും കുറവുണ്ടായിരിക്കില്ല. ജ്ഞാനത്തിൽ കുറവും യോഗത്തിൽ തീവ്രവും ദിവ്യഗുണങ്ങളുടെ ധാരണകളിൽ ശക്തിഹീനം-ഇങ്ങനെ യായിരിക്കില്ല, അവർ സർവ്വതിലും സദാ സഹജമായി അനുഭവിക്കും. സമീപ രത്നം ഒരു കാര്യത്തിലും പരിശ്രമം അനുഭവിക്കില്ല കാരണം ബാപ്ദാദ കുട്ടികളെ സംഗമയുഗത്തിൽ പരിശ്രമത്തിൽ നിന്ന് തന്നെ മോചിപ്പിക്കുന്നു. 63 ജന്മം പരിശ്രമിച്ചില്ലേ. ശരീരത്തിലൂടെയുള്ള പരിശ്രമമായിക്കോട്ടെ, മനസ്സിന്റേതാക ട്ടെ. ബാബയെ പ്രാപ്തമാക്കുന്നതിന് വ്യത്യസ്ഥമായ സാധനങ്ങളെ സ്വന്തമാക്കി കൊണ്ടിരുന്നു. അപ്പോൾ ഇത് മനസ്സിന്റെ പരിശ്രമമായി. ധനത്തിന്റെയും നോക്കൂ, എന്ത് സേവനമാണൊ ചെയ്യുന്നത്, ഏതിനെ യാണൊ ബാബ ജോലിയെന്ന് പറയുന്നത്, അതിലും നോക്കൂ എത്ര പരിശ്രമമാണ് ചെയ്യുന്നത്. അതിലും പരിശ്രമം അനുഭവപ്പെടുന്നില്ലേ. ഇനിയിപ്പോൾ അര കല്പത്തേക്ക് ഈ ജോലി ചേയ്യേണ്ട. ഇതിൽ നിന്നും മുക്തമാകും. ലൗകീക ജോലിയും ചെയ്യണ്ട, ഭക്തിയും ചെയ്യേണ്ട- രണ്ടിൽ നിന്നും മുക്തി ലഭിക്കുന്നു. ഇപ്പോഴും നോക്കൂ, ലൗകീക കാര്യം ചെയ്യുന്നുണ്ട് എന്നാൽ ബ്രാഹ്മണ ജീവിതത്തിൽ വന്നതിലൂടെ ലൗകീക കാര്യം ചെയ്യുമ്പോഴും ഉള്ളിൽ അനുഭവിക്കാറില്ലേ. ഇപ്പോൾ ഈ ലൗകീക കാര്യം ചെയ്തു കൊണ്ടും ഡബിൾ ലൈറ്റായിട്ടിരിക്കുന്നു, എന്ത് കൊണ്ട്? കാരണം ലൗകീക കാര്യ ചെയ്തും ഈ സന്തോഷമുണ്ട്- ഈ കാര്യം അലൗകീക സേവനത്തിന് നിമിത്തമായി ചെയ്തു കൊണ്ടിരിക്കുന്നുവെന്ന്. തന്റെ മനസ്സിന് ഇച്ഛകളൊന്നുമില്ലല്ലോ. ഇച്ഛയുള്ളയിടത്ത് പരിശ്രമം അനുഭവപ്പെടുന്നു. ഇപ്പോൾ നിമിത്തം മാത്രമായി ചെയ്യുന്നു കാരണം ശരീരം, മനസ്സ്, ധനം മൂന്നും അർപ്പിക്കുന്നതിലൂടെ ഒന്നിന് കോടിമടങ്ങായി അവി നാശി ബാങ്കിൽ ശേഖരിക്കപ്പെട്ടു കൊണ്ടിരിക്കുന്നുവെന്നറിയാം. പിന്നീട് ശേഖരിക്കപ്പെട്ടത് അനുഭവിച്ചു കൊണ്ടിരിക്കും. പുരുഷാർത്ഥത്തിലൂടെ-യോഗം ചെയ്യുന്നതിലൂടെ, ജ്ഞാനം കേൾക്കുന്നതിലൂടെയും കേൾപ്പിക്കുന്നതിലൂടെയും ഈ പരിശ്രമത്തിൽ നിന്നും മുക്തമാകും. ഇടയ്ക്കിടയ്ക്ക് ക്ലാസ്സുകൾ കേട്ട് ക്ഷീണിക്കുന്നില്ലേ. അവിടെ ലൗകീക രാജനീതിയുടെ പഠിത്തവും, കളിയുടെ രൂപത്തിലായിരിക്കും, ഇത്രയും പുസ്തകങ്ങളൊന്നും ഓർമ്മയിൽ വയ്ക്കേണ്ടി വരില്ല. സർവ്വ പരിശ്രമത്തിൽ നിന്നും മുക്തമാകും. ചിലർക്ക് പഠിത്തത്തിന്റെയും ഭാരമുണ്ട്. സംഗമയുഗത്തിൽ പരിശ്രമത്തിൽ നിന്നും മുക്തമാകുന്നതിന്റെ സംസ്ക്കാരം നിറയ്ക്കുന്നു. മായയുടെ കൊടുങ്കാറ്റ് വന്നാലും, ഈ മായയോട് വിജയം പ്രാപ്തമാക്കുക എന്നതും കളി യായി മനസ്സിലാക്കുന്നു, പരിശ്രമമല്ല. കളിയിൽ എന്താണ് സംഭവിക്കുന്നത്? വിജയം പ്രാപ്തമാക്കേണ്ടി വരുന്നില്ലേ. മായയുടെ മേലും വിജയം പ്രാപ്തമാക്കുന്നതിന്റെ കളിയാണ് കളിക്കുന്നത്. കളിയായി അനു ഭവപ്പെടുന്നുണ്ടോ അതോ വലിയ കാര്യമായി തോന്നുന്നുണ്ടോ? മാസ്റ്റർ സർവ്വശക്തിവാന്റെ സ്ഥിതിയിൽ സ്ഥിതി ചെയ്യുമ്പോൾ കളിയായി അനുഭവപ്പെടുന്നു. ഇനിയും വെല്ലുവിളിക്കുന്നു അരകല്പത്തേക്ക് വിട ചൊല്ലിയിട്ട് പോകൂവെന്ന്. അപ്പോൾ വിട ചൊല്ലുന്നതിന്റെ സമാരോഹണം ആഘോഷിക്കാനല്ലേ വരുന്ന ത്, യുദ്ധം ചെയ്യാനല്ലല്ലോ. വിജയി രത്നം സദാ സർവ്വ കാര്യത്തിലും വിജയിയാണ്. വിജയിയല്ലേ? (ഹാം ജി) അവിടെ പോയിട്ടും ഹാം ജി തന്നെ പറയണം. എന്നാലും നല്ല ധൈര്യശാലികളായി. ആദ്യമൊക്കെ

പെട്ടെന്ന് ഭയപ്പെടുമായിരുന്നു, ഇപ്പോൾ ധൈര്യശാലികളായി. ഇപ്പോൾ അനുഭവികളായി. അനുഭവത്തിന്റെ അധികാരമുള്ളവരായി, തിരിച്ചറിയാനുള്ള ശക്തിയും വന്നു, അതിനാൽ ഭയപ്പെടുന്നില്ല. അനേക പ്രാവശ്യത്തെ വിജയിയായിരുന്നു, വിജയിയാണ്, വിജയിയായിരിക്കും– ഇതേ സ്മൃതി സദാ ഉണ്ടായിരിക്കണം. ശരി.

**വിട പറയുന്ന സമയത്ത് ദാദിമാരോട്–** (ജാനകി ദാദി മുംബൈയിൽ പോയി 3–4 ദിവസം കറങ്ങിയിട്ട് വന്നിരിക്കുന്നു) ഇപ്പോൾ മുതൽ തന്നെ ചക്രവർത്തിയായി. നല്ലത്, ഇവിടെയും സേവനമാണ്, അവിടെയും സേവനം ചെയ്തു. ഇവിടെ വസിച്ചും സേവനം ചെയ്യുന്നു, എവിടെ പോയാലും അവിടെയും സേവനമായി മാറുന്നു. സേവനത്തിന്റെ വലിയ ഉത്തരവാദിത്വമാണ് എടുത്തിരിക്കുന്നത്. വലിയ ഉത്തരവാദിത്വമുള്ളവരല്ലേ. ചെറിയ ചെറിയ ഉത്തരവാദിത്വമുള്ളവർ ധാരാളമുണ്ട്, എന്നാൽ വലിയ ഉത്തരവാദിത്വമുള്ളവർക്ക് വലിയ കാര്യങ്ങൾ ചെയ്യേണ്ടി വരുന്നു.(ബാബ ഇന്ന് മുരളി കേട്ടപ്പോൾ വളരെ രസം തോന്നി) രസം തന്നെയല്ലേ. നല്ലത്, നിങ്ങൾ കുട്ടികൾ ഇതെല്ലാം മനസ്സിലാക്കിയാൽ മറ്റുള്ളവർക്കും പറഞ്ഞു കൊടുക്കാൻ സാധിക്കും. ജഗദംബ മുരളി കേട്ട് ക്ലിയറാക്കി സഹജമാക്കി സർവ്വരെയും ധാരണ ചെയ്യിക്കുമായിരുന്നു, അതേപോലെ ഇപ്പോൾ നിങ്ങളാണ് നിമിത്തം. ചില പുതിയ കുട്ടികൾക്ക് മനസ്സിലാക്കാൻ പോലും സാധിക്കില്ല. എന്നാൽ ബാപ്ദാദ കേവലം മുന്നിലുള്ളവരെ മാത്രമല്ല കാണുന്നത്. സഭയിൽ ഇരിക്കുന്നവരെയും കാണുന്നു, സർവ്വരെയും മുന്നിൽ കാണുന്നു. എന്നാലും മുന്നിൽ ഏറ്റവും പ്രിയപ്പെട്ട കുട്ടികളുണ്ട്, അവരെ പ്രതിയും നോക്കുന്നു. നിങ്ങൾക്കാണെങ്കിൽ പഠിച്ചും മനസ്സിലാക്കാം. ശരി.

## വരദാനം– വ്യർത്ഥത്തിന്റെ ചോർച്ചയെ സമാപ്തമാക്കി സമർത്ഥമാക്കുന്ന കുറഞ്ഞ ചിലവിൽ കൂടുതൽ ലാഭമുണ്ടാക്കുന്നവരായി ഭവിക്കട്ടെ.

സംഗമയുഗത്തിൽ ബാപ്ദാദായിലൂടെ ലഭിച്ചിട്ടുള്ള സർവ്വ ഖജനാക്കളെ വ്യർത്ഥമായി പോകുന്നതിൽ നിന്നും സംരക്ഷിക്കൂ എങ്കിൽ കുറഞ്ഞ ചിലവിൽ കൂടുതൽ നേട്ടമുണ്ടാക്കാൻ സാധിക്കും. വ്യർത്ഥത്തിൽ നിന്നും സംരക്ഷിക്കുക അർത്ഥം സമർത്ഥമാകുക. സമർത്ഥിയുള്ളയിടത്ത് വ്യർത്ഥമുണ്ടാകുക എന്നത് അസംഭവ്യമാണ്. വ്യർത്ഥത്തിന്റെ ചോർച്ചയുണ്ടെങ്കിൽ(ലീക്കേജ്) എത്ര തന്നെ പുരുഷാർത്ഥം ചെയ്താലും, പരിശ്രമിച്ചാലും ശക്തിശാലിയാകാൻ സാധിക്കില്ല അതിനാൽ ചോർച്ചയെ പരിശോധിച്ച് സമാപ്തമാക്കൂ എങ്കിൽ വ്യർത്ഥത്തിൽ നിന്നും സമർത്ഥരായി മാറും.

## സ്ലോഗൻ– കുടുംബത്തിലിരുന്നും സമ്പൂർണ്ണ പവിത്രമായിട്ടിരിക്കുക – ഇത് തന്നെയാണ് യോഗി അഥവാ ജ്ഞാനി  ആത്മാവിന്റെ വെല്ലുവിളി.